**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊന്നാനി - റോഡ് വീതി കൂട്ടുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിലെ കുണ്ടുകടവ് ജംഗ്ഷൻ മുതൽ പൊന്നാനി ടൗൺ വരെയുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റോഡ് വീതി കൂട്ടി പണിയുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കുണ്ടുകടവ് മുതൽ ചമ്രവട്ടം ജംഗ്ഷൻ വരെയുള്ള 200 മീറ്റർ ഭാഗം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിലാണ്. പൊന്നാനി ടൗൺ വരെയുള്ള റോഡിൽ ചമ്രവട്ടം ജംഗ്ഷൻ (കി.മീ 334/745) മുതൽ പൊന്നാനി ബസ് സ്റ്റാൻഡ് (കി.മീ 339/600) വരെയുള്ള ഭാഗം പഴയ ദേശീയപാത 66 ൽ ഉൾപ്പെട്ടതാണ്. ഈ ഭാഗത്തെ റോഡിന് ശരാശരി വീതി 9 മീറ്റർ മുതൽ 12 മീറ്റർ വരെ ആണ് ഉള്ളത്. പഴയ ദേശീയപാത 66 ൽ 4.855 കി.മീ വരുന്ന തിരക്കേറിയ ഈ ഭാഗം വീതി കൂട്ടുമ്പോൾ ഇരുവശത്തു നിന്നുള്ള സ്ഥലമേറ്റെടുപ്പ് ആവശ്യമാണ് (ഏകദേശം 730 സെന്റ്) കൂടാതെ കിലോമീറ്റർ 337/300 ൽ സ്ഥിതിചെയ്യുന്ന അങ്ങാടി പാലം പൊളിച്ചു പണിയേണ്ടതുണ്ട്. അങ്ങാടി പാലം സ്ഥിതി ചെയ്യുന്നത് പൊന്നാനി കൊച്ചിൻ കനോലി കനാലിൽ ആണ്. പൊന്നാനി കൊച്ചിൻ കനോലി കനാലിൽ ആയതിനാൽ ഇൻലാൻഡ് നാവിഗേഷനുകൂടി ഉതകുന്ന രീതിയിൽ നിർമ്മിക്കേണ്ടതിനാൽ അങ്ങാടി പാലം പുതുക്കിപ്പണിയുമ്പോൾ 6 മീറ്റർ vertical clearance ഉം 40 മീറ്റർ horizontal clearance ഉം ആവശ്യമായി വരുന്നതാണ്. സ്ഥലമേറ്റെടുപ്പിന് ആവശ്യമായ റോഡിന്റെ ഇരുവശത്തുമുള്ള കെട്ടിടങ്ങൾക്കുള്ള നഷ്ടപരിഹാരം കൂടി ആവശ്യമായി വരുന്നതാണ്. കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെയുള്ള പുതിയ ദേശീയപാത 66 നിലവിൽ വന്നതോടുകൂടി പഴയ ദേശീയപാത 66 ന്റെ പ്രാധാന്യം കുറഞ്ഞിരുന്നു. ഇക്കാരണത്താൽ കേന്ദ്രഫണ്ട് ലഭിക്കാൻ സാധ്യതയില്ല, റോഡ് നവീകരണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും പാലം പുതുക്കി പണിയുന്നതിനും പദ്ധതി നടപ്പിലാക്കുന്ന തിനുമായി ഭാരിച്ച ചെലവ് ഉണ്ടാകുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ അടിയന്തര നടപടികൾ | (ബി) | കുണ്ടുകടവ് മുതൽ ചമ്രവട്ടം ജംഗ്ഷൻ വരെയുള്ള 200 |

| | | | |
|---|---|---|---|
| | കൈക്കൊള്ളുമോ? | | മീറ്റർ ഭാഗം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിലാണ്. പൊന്നാനി ടൗൺ വരെയുള്ള റോഡിൽ ചമ്രവട്ടം ജംഗ്ഷൻ (കി.മീ 334/745) മുതൽ പൊന്നാനി ബസ് സ്റ്റാൻഡ് (കി.മീ 339/600) വരെയുള്ള ഭാഗം പഴയ ദേശീയപാത 66 ൽ ഉൾപ്പെട്ടതാണ്. ഈ ഭാഗത്തെ റോഡിന് ശരാശരി വീതി 9 മീറ്റർ മുതൽ 12 മീറ്റർ വരെ ആണ് ഉള്ളത്. പഴയ ദേശീയപാത 66 ൽ 4.855 കി.മീ വരുന്ന തിരക്കേറിയ ഈ ഭാഗം വീതി കൂട്ടുമ്പോൾ ഇരുവശത്തു നിന്നുള്ള സ്ഥലമേറ്റെടുപ്പ് ആവശ്യമാണ് (ഏകദേശം 730 സെന്റ്) കൂടാതെ കിലോമീറ്റർ 337/300 ൽ സ്ഥിതിചെയ്യുന്ന അങ്ങാടി പാലം പൊളിച്ച് പണിയേണ്ടതുണ്ട്. അങ്ങാടി പാലം സ്ഥിതി ചെയ്യുന്നത് പൊന്നാനി കൊച്ചിൻ കനോലി കനാലിൽ ആണ്. പൊന്നാനി കൊച്ചിൻ കനോലി കനാലിൽ ആയതിനാൽ ഇൻലാൻഡ് നാവിഗേഷനുകൂടി ഉതകുന്ന രീതിയിൽ നിർമ്മിക്കേണ്ടതിനാൽ അങ്ങാടി പാലം പുതുക്കിപ്പണിയുമ്പോൾ 6 മീറ്റർ vertical clearance ഉം 40 മീറ്റർ horizontal clearance ഉം ആവശ്യമായി വരുന്നതാണ്. സ്ഥലമേറ്റെടുപ്പിന് ആവശ്യമായ റോഡിന്റെ ഇരുവശത്തുമുള്ള കെട്ടിടങ്ങൾക്കുള്ള നഷ്ടപരിഹാരം കൂടി ആവശ്യമായി വരുന്നതാണ്. കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെയുള്ള പുതിയ ദേശീയപാത 66 നിലവിൽ വന്നതോടുകൂടി പഴയ ദേശീയപാത 66 ന്റെ പ്രാധാന്യം കുറഞ്ഞിരുന്നു. ഇക്കാരണത്താൽ കേന്ദ്രഫണ്ട് ലഭിക്കാൻ സാധ്യതയില്ല, റോഡ് നവീകരണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും പാലം പുതുക്കി പണിയുന്നതിനും പദ്ധതി നടപ്പിലാക്കുന്ന തിനുമായി ഭാരിച്ച ചെലവ് ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ